നം.കെഎസ്എ.കെടിഎം.പി.7/210/2019 തീയതി : 29.03.2019

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,

1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 31.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.02.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ ഷൈജു. എസ്., ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	19.02.2019 മുതൽ 27.02.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി അനിതാകുമാരി കെ.എ.	ഓഡിറ്റ് ഓഫീസർ
	ശ്രീമതി അമ്പിളി.എം.	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ ഷാജിമോൻ പി.ബി.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി കൃഷ്ണപ്രിയ എസ്.	ഓഡിറ്റർ

(ബി) നിർവഹണാധികാരികൾ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
പ്രസിഡന്റ്	ശ്രീമതി റെനി ബിജോയി	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ.പി.വി.തോമസ് കുട്ടി	01.04.17 മുതൽ 31.5.17 വരെ
	ശ്രീമതി.രതി റ്റി നായർ	01.6.17 മുതൽ 09.11.17 വരെ
	ശ്രീ.സുരേഷ് സാമുവൽ (അസി.സെക്രട്ടറി ഇൻ ചാർജ്ജ്)	10.11.17 മുതൽ 12.11.17 വരെ
	ശ്രീ.രാധാകൃഷ്ണൻ നായർ കെ.ആർ	13.11.17 മുതൽ 31.03.18 വരെ

മറ്റ് നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ	01.04.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ. സുധീർ പി.എസ്	01.04.2017 മുതൽ 31.03.2018 വരെ

മെഡിക്കൽ ഓഫീസർ –പി.എച്ച്.സി.	ഡോ. ഹെയ് ലിൻ ജേക്കബ് ഡോ. വിനിയ ജോർജ്	1.04.17 മുതൽ 22.8.17വരെ 23.08.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ – ഹോമിയോ	ഡോ. ഹേമ കെ കർത്താ	01.04.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	ശ്രീ.ദിലീപ് എസ് , ഇടമറ്റം സർക്കിൾ	01.04.2017 മുതൽ 14.05.17വരെ
	ശ്രീ.അജിത് കുമാർ ജി , ഇടമറ്റം സർക്കിൾ	15.05.2017 മുതൽ 31.03.2018 വരെ
	ശ്രീമതി.മേരിക്കുട്ടി ജോസഫ് , പൂവരണി സർക്കിൾ	22.11.2017 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.കൊച്ചുറാണി തോമസ്	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എൻജിനീയർ (LSGD)	ശ്രീ.ജോഷി ജോസഫ്	01.04.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ. ലിബീഷ് മാത്യു	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.എം.സി.ജോസഫ്	01.04.2017 മുതൽ 31.10.17വരെ
	ശ്രീ.സുരേഷ് സാമുവൽ	10.11.17 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ - ആയുർവ്വേദം	ഡോ. തുളസീഭായ് സി ആർ	01.04.2017 മുതൽ 31.03.2018 വരെ
ഹെഡ്മിസ്ട്രസ് - യു.പി.എസ്	ശ്രീ.ജോർജ് തോമസ്	01.04.2017 മുതൽ 31.03.2018 വരെ

(ഡി) ഉള്ളടക്കം

ഖണ്ഡിക-നം.	വിഷയം
ഭാഗം 1 -- പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ടിനം – വിശകലനം
1-6	പദ്ധതി അവലോകനം
1-7	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം
1-8	സാമൂഹ്യക്ഷേമ പദ്ധതികൾ
1-9	ക്യാഷ് പരിശോധന
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-12	വാർഷിക കണക്കുകളുടെ അവലോകനം
ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു
2-2	കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച്
2-3	പെട്രോൾ പമ്പുകളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്
2-4	സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
2-5	സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല
2-6	ഡി & ഒ ട്രേഡ് ലൈസൻസ്
2-7	അനധികൃത കശാപ്പുശാലകൾ – കോടതി ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്നു
	ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1	മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല
3-2	പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു
3-3	വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല
3-4	മാലിന്യനിർമ്മാർജ്ജനത്തിന് ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ – പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല
3-5	വിവിധ കെട്ടിടങ്ങളുടെ പുനരുദ്ധാരണപ്രവൃത്തികൾ പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല
3-6	ആധുനിക മത്സ്യമാർക്കറ്റ് – പ്രവർത്തനം ആരംഭിച്ചിട്ടില്ല
3-7	അങ്കണവാടിക്ക് പുതിയ കെട്ടിടെ നിർമ്മിച്ചെങ്കിലും ഉപയോഗയോഗ്യമാക്കിയില്ല
3-8	സൈറ്റ് വൃത്തിയാക്കുന്നതിന് തൊഴിലാളികളെ നിയോഗിച്ചത് – മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല
3-9	ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തികൾ – രേഖകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു
3-10	ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികൾ – മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല
3-11	ആധുനിക അറവുശാല ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയതിനാൽ ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു
3-12	പി.എച്ച്.സി. നവീകരണം – ഫയലും എം ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയില്ല
3-13	ജലനിധി പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല
3-14	വനിത ഉല്പന്നവിപണനകേന്ദ്രം -യഥാർത്ഥ ലക്ഷ്യത്തിന് ഉപയോഗിക്കേണ്ടതാണ്
ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം
4-2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപം
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ചാർജ്/സർചാർജ് നടപടികളുടെ വിവരം
4-9	ഓഡിറ്റ് പ്രത്യവലോകനം
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം-1	ഓഡിറ്റ് സാക്ഷ്യപത്രം 2017-18
അനുബന്ധം-2	ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ
അനുബന്ധം-3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18
അനുബന്ധം-4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2018 തീയതിയിലെ 4(1) -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	ബജറ്റിൽ നിന്നുള്ള വ്യതിയാനം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	8673046	10383138	1710092	--
വരവ്	92955634	56816331	-	36139303

ആകെ	101628680	67199469	-	34429211
ചെലവ്	95429800	60223750	-	35206050
നീക്കിയിരിപ്പ്	6198880	6975719	776839	

ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവു കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്ത് സെക്രട്ടറിയുടെ 19-5-2018 ലെ എ6-2275/18 കത്ത് പ്രകാരം, 21-5-2018 തീയതിയിൽ വാർഷിക ധനകാര്യ പത്രിക തപാലിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 13.06.2018, 14.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 20.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി7/1107/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	10383138.53
വരവ്	56816331
ആകെ	67199469.53
ചെലവ്	60223750
നീക്കിയിരിപ്പ്	6975719.53

1-5 ഫണ്ടിനം - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് %
വികസനഫണ്ട് – പൊതുവിഭാഗം	0	9508867	9508867	8982813	526054	94.5
വികസനഫണ്ട് – എസ്.സി.പി.	0	1917829	1917829	1917829	0	100
വികസനഫണ്ട് – ടി.എസ്.പി.	0	80967	80967	80967	0	100
സംരക്ഷണഗ്രാന്റ് – റോഡ്	0	10910457	10910457	10878982	31475	99.7
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	2994954	2994954	2966358	28596	99
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	9524764	9524764	6540196	2984568	68.7
പെർഫോമൻസ് ഗ്രാന്റ്	0	2194634	2194634	2194634	0	100
തൊഴിലുറപ്പ് പദ്ധതി(MNREGS)	0	14386777	14386777	14332337	54440	99
ട്രഷറി ടി.എസ്.ബി	3102259	9954298	13056557	10988037	2068520	84
ജലനിധി	2159372	2794469	4953841	4377486	576355	88
തനത് ഫണ്ട്	4112582.83	10145640	14258222.83	10792421	3465801.83	76

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ്

ഫണ്ട് 1.042 കോടി രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 13.6.18 ലെ ഉത്തരവു നം. 490/17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിരൂപീകരണഗ്രാമസഭകൾ	23.3.17 മുതൽ 24.3.17വരെ
ഭിന്നശേഷി ഗ്രാമസഭ	25.3.17
ഊരുകൂട്ട ഗ്രാമസഭ	25.3.17
വികസനസെമിനാർ	27.4.17

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 4,89,51,583/- രൂപയും ആകെ ചെലവ് 3,67,38,567/- രൂപയുമാണ്. ചെലവുശതമാനം 75%. അംഗീകാരം ലഭിച്ച 187 പ്രോജക്ടുകളിൽ 158 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് കാണുന്നു. പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. അങ്കണവാടികളുടെയും സ്ക്കൂളുകളുടെയും പുനരുദ്ധാരണപ്രവൃത്തികൾക്ക് വാർഷികപദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ആരോഗ്യമേഖലയിൽ കിഴപറയാർ പി.എച്ച്.സി.യുടെ പ്രവർത്തനം മാതൃകയാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ള പി.എച്ച്.സി.കുടുബ ആരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടിട്ടുണ്ട്. എല്ലാവിധ ലാബ്ടെസ്റ്റുകളും നടത്താൻ സൗകര്യങ്ങളുള്ള ലാബറട്ടറിയും 5 മെഡിക്കൽ ഓഫീസർമാരുടെ സേവനവും ലഭ്യമാണ്. നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾക്കുമേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ മേൽനോട്ടവും നിരീക്ഷണവും ഉണ്ടായതായി കാണുന്നില്ല. അനിവാര്യചുമതലയിൽപ്പെട്ട മാലിന്യനിർമ്മാർജ്ജനത്തിന് 7ലക്ഷത്തിലധികം രൂപ ചെലവഴിച്ച് ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ ആസൂത്രണമില്ലാതിരുന്നതിനാലും തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതിനാലും ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല. ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. അസി.എഞ്ചിനിയർ നടപ്പാക്കിയ വാട്ടർ കിയോസ്ക്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ എന്ന പ്രവൃത്തി വാട്ടർ ടാപ്പുകൾ സ്ഥാപിക്കാത്തതു മൂലം യഥാർത്ഥലക്ഷ്യം കൈവരിച്ചില്ല. ഇത് കിയോസ്ക്കുകൾ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. പ്രോജക്ടിന്റെ നിർവ്വഹണത്തിലും നടത്തിപ്പിലും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സജീവമായ ഇടപെടൽ നടത്തിയിട്ടില്ലെന്ന് കാണുന്നു. നിലവിൽ പരിമിതമായ ചുറ്റുപാടിൽ പ്രവർത്തിക്കുന്ന 84-ാം നം. അങ്കണവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചെങ്കിലും അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ വികസനകാര്യ/ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ സംയുക്തശ്രമം ഉണ്ടാകേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 236 പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 87 പ്രോജക്റ്റുകളിൽ 34 പ്രോജക്റ്റുകൾ തൻവർഷം പൂർത്തിയാക്കി. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്റ്റുകളിൽ 39% പ്രോജക്റ്റുകൾ മാത്രമാണ് തൻവർഷം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. 2017-18 വർഷം 13 ഗ്രാമസഭകളും രണ്ട് പ്രാവശ്യം വീതം 26 സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 30806 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2017-18 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 53.02 ആണ്. 581 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 134 അയൽക്കൂട്ടങ്ങളിൽ 100 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. ബാക്കിയുള്ള അയൽക്കൂട്ടങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. 59 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഭൂരിഭാഗം കുടുംബങ്ങൾക്കും 80നും 99നും ഇടയ്ക്ക് തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. നഴ്സറി നിർമ്മാണം, തോട് പുനരുദ്ധാരണം, മഴക്കുഴി, കയ്യാല, തട്ട് തിരിക്കൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.ഐ. പൂവരണി ശാഖയിലെ അക്കൗണ്ട് നം. 67062959092 മുഖേനയാണ് നടത്തുന്നത്. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്			0
വരവ്	ഇ.എഫ്.എം.എസ്. വരവ്	14109276.00	14386777.00
	ക്യാഷ് വരവ്	275981.00	
	ബാങ്ക് പലിശ	1520.00	
ചെലവ്	തൊഴിലാളികളുടെ വേതനം	8128169.00	14332337.00
	ഉപകരണങ്ങളുടെ വില, വാടക	98778.00	
	വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	354300.00	
	മെറ്റീരിയൽ ചെലവുകൾ	4988554.00	
	ക്യാഷ് ചെലവ്	223061.00	
	ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ)	539475.00	
നീക്കിയിരിപ്പ്			54440.00

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക(രൂപ)
തൊഴിൽരഹിത വേതനം	40	22920
കർഷകതൊഴിലാളി പെൻഷൻ	149	1743200
വിധവാപെൻഷൻ	412	4859700
വാർദ്ധക്യകാലപെൻഷൻ	883	11234700
വികലാംഗപെൻഷൻ	151	1807500
അവിവാഹിത പെൻഷൻ	42	343600
വിവാഹ ധനസഹായം	6	180000

1-9 ക്യാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2019 തീയതിയിൽ 3:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 16,446/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരമാണ് നടപ്പുവർഷത്തിൽ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. വാങ്ങിയ സാധനങ്ങളുടെ കൃത്യമായ എണ്ണം, വിതരണ വിവരം മുതലായവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവർത്തികളും വാങ്ങലുകളും നടത്തി വരുന്നു. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചുകൊണ്ട് സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്. ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഫീസ് സെക്ഷനുകളുടെ മേൽനോട്ടം ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.01.2019	12/2018	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16.01.2018 മുതൽ 27.01.2018 വരെ	2012/13-2016/17 വരെ	LBA(HQ)4/8A-2753/345 തീയതി 01.03.2018

1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എംഎസ്)152/2011/തസ്വഭവ/26.07.2011-ാം നമ്പർ ഉത്തരവ് പ്രകാരം ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ
കൃത്യമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. വാർഷിക കണക്കുകളുമായി
പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 29,04,173/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നം 35/13) ഭാഗമായി 2012-13 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 4,08,000/- രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 92,000/- രൂപയും ഉൾപ്പെടെ ആകെ 5,00,000/- രൂപ കുടുംബശ്രീ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിക്കപ്പെടാതെ അക്കൗണ്ടുകളിൽ തന്നെ അവശേഷിക്കുകയാണ്. ആയത് തിരികെ സർക്കാരിലേയ്ക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
4.എൻ.ആർ.ഇ.ജി.എ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു

മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രണ്ട് ബാങ്ക് അക്കൗണ്ടുകളും സെക്രട്ടറിയുടേയും പ്രസിഡന്റിന്റെയും പേരിലുള്ള ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ടും

ഇടപാടുകളില്ലാതെ നിലനിൽക്കുന്നുണ്ട്. മീനച്ചിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇടമറ്റം ശാഖയിൽ 1685 ആയി നിലനിൽക്കുന്ന നിർമ്മൽ അക്കൗണ്ടിൽ 21.05.2014 മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം 30,100/- രൂപ ഓപ്പണിംഗ് ബാലൻസുണ്ടായിരുന്നു. പലിശ 1,204/- രൂപ അടക്കം 31,304/- രൂപ നിലവിൽ അക്കൗണ്ടിൽ ഉണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൂവരണി ശാഖയിൽ 57039726151 നമ്പരായി നിലനിൽക്കുന്ന വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ 25.07.2016 മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം ഓപ്പണിംഗ് ബാലൻസായി ഉണ്ടായിരുന്ന 40,088/- രൂപ തന്നെ നിലവിൽ അക്കൗണ്ടിൽ ഉണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൂവരണി ശാഖയിൽ 67010587282 നമ്പരായി നിലനിൽക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടായ എസ് എസ് എ അക്കൗണ്ടിൽ 20.09.2012 മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം ഓപ്പണിംഗ് ബാലൻസായി ഉണ്ടായിരുന്ന 53,814/- രൂപ തന്നെ നിലവിൽ അക്കൗണ്ടിൽ ഉണ്ട്. മേൽപ്പറഞ്ഞ ഇടപാടുകളില്ലാത്ത മൂന്ന് ബാങ്ക് അക്കൗണ്ടുകളും ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ വാർഡ് VIII-ൽ സേക്രട്ട് ഹാർട്ട് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ വിവാഹങ്ങളും മറ്റ് ആഘോഷങ്ങളും നടത്തുന്ന പാരീഷ് ഹാൾ നികുതി നിർണ്ണയം നടത്തിയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായില്ല. മേൽ പ്രസ്താവിച്ച ഉപയോഗക്രമത്തിന് സേക്രട്ട് ഹാർട്ട് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/18/ 25.02.19 ന്, ഇതേ ഉപയോഗക്രമത്തിന് കെട്ടിടം നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന് സെക്രട്ടറി മറുപടി നൽകി. ഗ്രാമ പഞ്ചായത്തിലെ 2011-12 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം A5- 4213/ 11- 4.6.12 നമ്പരായി അസംബ്ലി കെട്ടിടം എന്ന ഉപയോഗക്രമത്തിന് 1451.61 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പള്ളി ട്രസ്റ്റിയുടെ പേരിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. ടി പെർമിറ്റ് പ്രകാരം നിർമ്മാണ കാലാവധി 04.06.12 മുതൽ 03.06.2015 തീയതി വരെയാണ്. 03.06.2015 ന് ശേഷം പെർമിറ്റ് പുതുക്കിയിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിവാഹങ്ങളും മറ്റ് ആഘോഷങ്ങളും നടത്തുന്ന പാരീഷ് ഹാൾ ആയി ഉപയോഗിക്കുന്നുണ്ട് എങ്കിലും നാളിതുവരെ കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയിട്ടില്ല. പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും പെർമിറ്റ് കാലാവധി അവസാനിക്കുന്ന 04.06.2015 ൽ കെട്ടിടം പണി പൂർത്തീകരിച്ചു എന്ന് കണക്കാക്കി അന്നുമുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചാൽ ലഭ്യമാകുന്ന നികുതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റ തറ വിസ്തീർണ്ണം ച.മീറ്ററിൽ	അസംബ്ലി കെട്ടിടം എന്ന ഉപയോഗക്രമത്തിന് ച. മീറ്ററിന് ബാധകമായ നിരക്ക്	നിർണ്ണയിക്കാവുന്ന നികുതി അടിസ്ഥാന വസ്തു നികുതി
1451.61	20	29032.2രൂപ

മേൽ പ്രസ്താവിച്ച പ്രകാരം പ്രതിവർഷം അടിസ്ഥാന വസ്തു നികുതി മാത്രം 29032/-രൂപയാണ്. ഇത് പ്രകാരം 2015-16, 2016-17, 2017-18, 2018-19 എന്നീ നാല് സാമ്പത്തിക വർഷത്തെ അടിസ്ഥാന വസ്തു നികുതി മാത്രം 116128/- രൂപ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. അടിസ്ഥാന വസ്തു നികുതിയിൽ അനുവദനീയമായ വർദ്ധനവ് ഉണ്ടെങ്കിൽ ആയതുകൂടി ഉൾപ്പെടുന്നതാണ്. അടിയന്തിരമായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ കെട്ടിടം പരിശോധിച്ച് നികുതി നിർണ്ണയിച്ച് 2015-16, സാമ്പത്തിക വർഷം മുതൽ നികുതി ഈടാക്കേണ്ടതും സമാനമായ രീതിയിൽ നികുതി നിർണ്ണയത്തിൽ ഉൾപ്പെടാത്തതോ, ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും പരിശോധിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2-3 പെട്രോൾ പമ്പുകളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ രണ്ട് പെട്രോൾ പമ്പുകളുടെ നികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമയുടെ വിവരം	വാർഡ് നമ്പർ	കെട്ടിട നമ്പർ	നികുതി നിർണ്ണയം നടത്തിയ കെട്ടിട വിസ്തീർണ്ണം

കെ,ടി.മാത്യു, കളപ്പുരക്കൽ	V11	558	94 ച.മീറ്റർ
സുനിൽകുമാർ, ആനിക്കാട്ടിൽ	X11	322A	34.18 ച.മീറ്റർ

ശ്രീ.സുനിൽകുമാർ ആനിക്കാട്ടിൽ എന്നയാൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും 25.01.2016 ൽ നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ് നം A9/ 3961/ 2015 പ്രകാരമുള്ള വിവരങ്ങൾ പ്രകാരം വ്യാപാരാവശ്യത്തിനുള്ള കെട്ടിടം 34.18 ച.മീറ്ററും, പെട്രോൾ പമ്പിന്റെ കനോപി 181.50 ച.മീറ്ററും ഉൾപ്പടെ ആകെ തറ വിസ്തീർണ്ണം 215.68 ച.മീറ്ററാണ്. എന്നാൽ ഇതിൽ കനോപി 181.50 ച.മീറ്റർ ഒഴിവാക്കി വ്യാപാരാവശ്യത്തിനുള്ള കെട്ടിടം 34.18 ച.മീറ്റർ മാത്രമാണ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെട്രോൾ അല്ലെങ്കിൽ ഡീസൽ വിപണനം ചെയ്യുന്ന സ്ഥലം (കനോപി) ഓപ്പൺ സ്പെയ്സ്സായി നിലനിർത്തുന്നത് നികുതി ഇളവ് നല്കുന്നതിനുവേണ്ടിയല്ല, മറിച്ച് വിവിധ ഭാഗങ്ങളിലൂടെ ഒരേ സമയം നിരവധി വാഹനങ്ങൾ കടന്നുവരുന്നതിന് തടസം ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം നിർമ്മാണം നടത്തുന്നത്. മേൽ പ്രസ്താവിച്ച പെട്രോൾ പമ്പിന്റെ കനോപി ബാധകമായ നിരക്കിൽ നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിരുന്നു എങ്കിൽ 5445/- (181.5X30)രൂപ കൂടി അടിസ്ഥാന നികുതി ഇനത്തിൽ ലഭിക്കുമായിരുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/18ന് ലഭ്യമാക്കിയ മറുപടിയിൽ കനോപി കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ശ്രീ. കെ. ടി. മാത്യു, കളപ്പുരയ്ക്കലിന്റെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന്റെ നികുതി നിർണ്ണയത്തിൽ കനോപി ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് രേഖകൾ ലഭ്യമാകാത്തതിനാൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. എല്ലാ പെട്രോൾ പമ്പുകളുടെയും നികുതി നിർണ്ണയം പരിശോധിച്ച് അപാകതയുണ്ടെങ്കിൽ പരിഹരിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-4 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം
1	പോസ്റ്റ് ഓഫീസ് കിഴപറയാർ	രണ്ടാം അർദ്ധവർഷം
2	കൊശമറ്റം ഫിനാൻസ്	രണ്ട് അർദ്ധവർഷങ്ങളും
3	പൈക അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	രണ്ട് അർദ്ധവർഷങ്ങളും
4	ഇടമറ്റം ക്ഷീരോത്പാദക സഹകരണ സംഘം	രണ്ട് അർദ്ധവർഷങ്ങളും
5	ക്ഷീരോത്പാദക സഹകരണ സംഘം വിളക്കുമാടം	രണ്ട് അർദ്ധവർഷങ്ങളും
6	ക്ഷീരോത്പാദക സഹകരണ സംഘം പച്ചാത്തോട്	രണ്ട് അർദ്ധവർഷങ്ങളും
7	കവണാർ ലാറ്റക്സ് ലിമിറ്റഡ്	രണ്ട് അർദ്ധവർഷങ്ങളും

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/18) തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2-5 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം
1	മണപ്പുറം ഫിനാൻസ്	രണ്ട് അർദ്ധവർഷങ്ങളും
2	കൊശമറ്റം ഫിനാൻസ്	രണ്ട് അർദ്ധവർഷങ്ങളും

3	പൈക അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	രണ്ട് അർദ്ധവർഷങ്ങളും
	ബി.എസ്.എൻ.എൽ പൂവരണി	രണ്ട് അർദ്ധവർഷങ്ങളും
	ഹെവിയ ക്രംബ് റേബ്ബ്ഴ്സ്	രണ്ട് അർദ്ധവർഷങ്ങളും

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/18) നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2-6 ഡി & ഒ ട്രേഡ് ലൈസൻസ്

2017-18 സാമ്പത്തിക വർഷം 315 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 325 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 862 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വാണിജ്യാവശ്യങ്ങൾക്കുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഉപയോഗക്രമത്തിന് 133 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എങ്കിലും ഇതിൽ 7 കോഴി ഫാമുകൾക്കുള്ള ലൈസൻസ് മാത്രമാണ് നൽകിയിട്ടുള്ളത്. ഇതര വ്യവസായ ആവശ്യങ്ങൾക്ക് 71 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇപ്രകാരം വിവിധ വിഭാഗങ്ങളിലായി ആകെ 1073 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എങ്കിലും 315 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് നേടിയിട്ടുള്ളൂ. തൻമൂലം ലൈസൻസ് ഫീസിനത്തിലും, തൊഴിൽ നികുതി ഇനത്തിലും ലഭിക്കേണ്ട വരുമാനം പഞ്ചായത്തിന് ലഭിക്കാതെ വരുന്നു. മാത്രമല്ല ലൈസൻസ് നേടുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാവുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നുമില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 30.10.2017 ലെ ജി.ഒ.(പി) നം. 80/17 പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 01.11.17 മുതൽ ജി.ഒ.(പി) നം.80/17 പ്രകാരമായിരുന്നു ലൈസൻസ് നൽകേണ്ടിയിരുന്നത്. എന്നാൽ 2018-19 വർഷത്തേക്കുള്ള അഡ്വാൻസ് ലൈസൻസ് നൽകിയപ്പോഴും 1994ലെ ചട്ടപ്രകാരമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിനും, എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2-7 അനധികൃത കശാപ്പുശാലകൾ- കോടതി ഉത്തരവിന് വിരുദ്ധമായി പ്രവർത്തിപ്പിക്കുന്നു.

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ പൈകയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന മാർക്കറ്റിന്റെയും അറവുശാലയുടെയും പ്രവർത്തനം റവ.ഫാദർ സക്കറിയാസ് അട്ടപ്പാട്ട് മുതൽപേർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 9297 OF 2006(F) നമ്പർ കേസിന്റെ അന്തിമ വിധി 17.06.17 ൽ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കോടതി വിധിയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ അനധികൃത കശാപ്പുശാലകളും ഉടനടി അടച്ചുപൂട്ടേണ്ടതും ആയതിന് പോലീസ് സഹായം നൽകുന്നതിന് ജില്ലാ പോലീസ് മേധാവികൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. 25.02.2019 ൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പൈക ടൗണിൽ മാത്രം 5 കശാപ്പുശാലകൾ പ്രവർത്തിക്കുന്നതായി കണ്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/18 ന്, സ്ഥലപരിശോധനയിൽ കണ്ട ഇറച്ചി വിൽപനശാലകൾ ഈരാറ്റുപേട്ടയിലും മറ്റുമുള്ള അധികൃത അറവുശാലകളിൽ നിന്നും ഇറച്ചി എത്തിച്ച് വിപണനം ചെയ്യുന്നു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ പ്രസ്താവിച്ച 5 ഇറച്ചിക്കടകൾക്കും പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. അധികൃത അറവുശാലകളിൽ നിന്നും ഇറച്ചി എത്തിച്ച് വിപണനം നടത്തുകയാണെങ്കിൽ അധികൃത അറവുശാലയിൽ നിന്നുള്ള സാക്ഷ്യപത്രവും, മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റും ഹാജരാക്കി ലൈസൻസ് നൽകാമെന്നിരിക്കെ ആയത് നൽകിയിട്ടില്ലാത്തതിനാൽ അനധികൃത കശാപ്പുശാലകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാകുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരവും, 30.10.17 ലെ ജി.ഒ.(പി) 80/17പ്രകാരം പുതുക്കിയ ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടുള്ളതല്ല. പഞ്ചായത്തിന്റെ ആധുനിക അറവുശാല പ്രവർത്തനം തുടങ്ങാത്ത സാഹചര്യത്തിലും കോടതി പരാമർശം നിലനിൽക്കുന്നതിനാലും തുടർ പരാതി ഉണ്ടായാൽ കോടതിയലക്ഷ്യ നടപടികൾക്ക് സാദ്ധ്യത നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ കോടതി നിർദേശം ഉണ്ടായിട്ടും

ലൈസൻസ് നേടാതെ ഇറച്ചിക്കടകൾ പ്രവർത്തിപ്പിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല.

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തികൾക്കായി മീനച്ചിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മീനച്ചിൽ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് നല്കിയ 89,000/- രൂപയുടെ ചെലവ് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/26.02.19) മറുപടിയായി ചെലവ് വിവരങ്ങൾ സംബന്ധിച്ച ഫയലുകൾ ഹാജരാക്കിയിരുന്നു. ഓരോ വാർഡിലേക്കും അനുവദിച്ച തുകകൾ അതാത് വാർഡിലെ പ്രവർത്തനങ്ങൾക്കായിട്ടല്ല പൂർണ്ണമായും വിനിയോഗിച്ചിരിക്കുന്നത്. 4, 5, 6 വാർഡുകൾക്ക് അനുവദിച്ച തുകയുടെ ഒരു ഭാഗം ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിളക്കുമാടം ആരോഗ്യ ഉപകേന്ദ്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികളുമായി നേരിട്ട് ബന്ധമില്ലാത്ത വിളക്കുമാടം ആരോഗ്യ ഉപകേന്ദ്രത്തിന്റെ ജനലുകളുടേയും വാതിലിൻേറയും തടിപ്പണി മുതലായ പ്രവൃത്തികൾക്കായും തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. മഴക്കാലത്ത് വിവിധതരം പകർച്ചവ്യാധികൾ ഉണ്ടാകുന്നത് തടയുന്നതിനായിട്ടാണ് മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത്. പ്രവർത്തികൾ പൂർണ്ണ ഫലപ്രാപ്തിയിൽ എത്തുന്നതിന് അനുവദിക്കുന്ന തുകകൾ അതാത് വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുവാൻ തുടർന്നു വരുന്ന വർഷങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

3-2 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	ബിൽ നം / തീയതി	നിർവഹണ ഏജൻസി
7/18	തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ	5,75,368 (13-ാം ധനകാര്യ കമ്മീഷൻ)	24/17-18/ 28.02.18	കെ.എസ്.ഇ.ബി, പൈക
187/18	ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ	1642649 (13-ാം ധനകാര്യ കമ്മീഷൻ)	15/17-18/ 11.01.18 16/17-18/ 11.01.18	കെ.എസ്.ഇ.ബി, പൈക
	ആകെ	22,18,017		

ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് പൈക സെക്ഷൻ അസി.എഞ്ചിനീയർക്ക് പഞ്ചായത്തിൽ നിന്നും നിരവധി കത്തുകൾ നൽകിയിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകളുക്കായുള്ള 22,18,017 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം. : 176/18

പ്രോജക്ട് : വാട്ടർകിയോസ്ക്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ

അടങ്കൽ : 99,526/- (വികസനഫണ്ട്)

ചെലവ് : 99,526/- (ബിൽ നം.105/28/3/18)
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി വാട്ടർകിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനായി റവന്യുവകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് അനുവദിച്ച 5000 ലിറ്ററിന്റെ 4 സിന്റക്സ് വാട്ടർടാങ്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് പ്രോജക്ട്. വാട്ടർകിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്തനിവാരണവകുപ്പിന്റെ 2.3.17 ലെ 852/17/DMD നം.

ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റുകളും പൈപ്പുകളും വാട്ടർടാപ്പുകളും അനുബന്ധഉപകരണങ്ങളും ഉൾപ്പടെ ഒന്നിന് പരമാവധി 25,000/- രൂപ എന്ന നിരക്കിൽ പരിമിതപ്പെടുത്തി നിർമ്മാണം നടത്തേണ്ടതാണ്. സ്ഥാപിക്കുന്ന എല്ലാ ടാങ്കുകളിലും "വരൾച്ച 2016-17 കേരളസർക്കാർ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

മേല്പറഞ്ഞ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ 4 വാർഡുകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ വാട്ടർകിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

വാർഡ് 3 പുത്തൻശബരിമലകോളനി ഇടമറ്റം

„ 6 കോക്കാട്ടുകുന്ന് ഭാഗം പൂവരണി

„ 7 വാഴമറ്റം കോളനി പൂവരണി

„ 9 രാജീവ്ഗാന്ധികോളനി ഇടമറ്റം

23.2.19 തീയതിയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ ടാങ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിച്ചിട്ടുണ്ടെങ്കിലും വെള്ളം എടുക്കുന്നതിനായി വാട്ടർടാപ്പുകൾ സ്ഥാപിച്ചിട്ടില്ലെന്നും ടാങ്കുകളിൽ സർക്കാർനിർദ്ദേശപ്രകാരമുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ലെന്നും കാണപ്പെട്ടു. സർക്കാർ ഉത്തരവു പ്രകാരം ടാങ്ക് ഒന്നിന് ശരാശരി 2,488/- രൂപ നിരക്കിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സൂര്യതാപം ഏറ്റ് ടാങ്കിന് കേടുപാടുണ്ടാകുന്നത് തടയുന്നതിനായി ടാങ്കുകളിൽ പൂർണ്ണമായും ജലം നിറച്ച് നിർത്തി സംരക്ഷിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.ടാങ്കുകൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കേണ്ടതും ഓരോ പ്രദേശത്തും സ്ഥാപിച്ചിട്ടുള്ള കിയോസ്ക്കുകൾ സംരക്ഷിക്കുന്നതിന് അതതു പ്രദേശത്തെ വാർഡുമെമ്പറുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തുക ചെലവഴിക്കുകയും എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്തത് ഗുരുതരമായ വീഴ്ചയാണ്.

വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനുള്ള ബദൽസംവിധാനമായാണ് വാട്ടർകിയോസ്ക്കുകൾ സ്ഥാപിക്കേണ്ടതെന്നും വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനു പകരം കുടിവെള്ളവിതരണം കിയോസ്ക്കുകളിൽ കൂടി മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകാത്ത വിധമാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രോജക്റ്റിനു വേണ്ടി ചെലവഴിച്ച 99,526/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കിയോസ്ക്കുകളിൽ നിന്ന് വെള്ളം എടുക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്കു നൽകിയ റിപ്പോർട്ടിൽ (സെക്രട്ടറിയുടെ 4.3.18ലെ A7/1713/18നം കത്ത്) പറയുന്നത്. വസ്തുതാവിരുദ്ധമായി റിപ്പോർട്ട് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

3-4 മാലിന്യ നിർമ്മാർജ്ജനത്തിന് ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി വികസനഫണ്ടിൽ തുക വകയിരുത്തി മൂന്ന് പ്രോജക്റ്റുകൾ പ്രകാരം മൂന്നിടങ്ങളിലായി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. ടെണ്ടർ നടപടികളിലൂടെ ഷംസുദ്ദീൻ യൂനുസ്, ജോജാഗ് എന്റർപ്രൈസസ്, മഞ്ചേരി, മലപ്പുറം എന്ന കരാറുകാരൻ മുഖേനയാണ് പ്രോജക്റ്റ് നടപ്പാക്കിയത്. പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു..

പ്രോജക്റ്റിന്റെ വിവരങ്ങൾ	ചെലവ് വിവരങ്ങൾ
പ്രോജക്റ്റ് നം.155/18 രാജീവ് കോളനിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ	124466(ബിൽ നം.41/24.8.17)
പ്രോജക്റ്റ് നം.148/18 പൈക മാർക്കറ്റിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ	288288(ബിൽ നം.40/24.8.17)
പ്രോജക്റ്റ് നം.147/18 കിഴപറയാർ പി.എച്ച്.സി കോമ്പൗണ്ടിൽ ഇൻസിനറേറ്റർ	288288(ബിൽ നം.39/24.8.17)

മൂന്ന് സ്ഥലങ്ങളിൽ ഇൻസിനററേറ്ററുകൾ സ്ഥാപിച്ചെങ്കിലും ഇവയുടെ പ്രവർത്തനം ,പ്രവർത്തനചുമതല തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. രാജീവ് കോളനിയിലും പൈകമാർക്കറ്റിലും സ്ഥാപിച്ചിരിക്കുന്ന ഇൻസിനറേറ്ററുകൾ എപ്രകാരം

ഉപയോഗിക്കണം എന്നതു സംബന്ധിച്ച് പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വ്യക്തമായ ധാരണയില്ല. മാലിന്യങ്ങൾ കത്തിച്ചു കളയേണ്ടതിനാൽ ഭക്ഷണാവശിഷ്ടങ്ങളും ജൈവമാലിന്യങ്ങളും ഇൻസിനറേറ്ററുകളിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ പൈക മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകൾ പ്രവർത്തിക്കാത്തത് ജൈവമാലിന്യങ്ങൾ നിക്ഷേപിച്ചതിനാലാണെന്ന് വ്യക്തമായി. ഇൻസിനറേറ്ററിനു ചുറ്റുമുള്ള സ്ഥലത്ത് കടകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മത്സ്യ, മാംസസ്റ്റാളുകളിൽ നിന്നുമുള്ള മാലിന്യം വലിയ പ്ലാസ്റ്റിക്ക് കൂടുകളിൽ ശേഖരിച്ചത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഈ പ്രദേശം വൃത്തിഹീനമാണ്. മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി വൻതുക ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്ട് വ്യക്തമായ ആസൂത്രണത്തിന്റെയും തുടർപ്രവർത്തനങ്ങളുടെയും അഭാവത്തിൽ വിപരീതഫലം ഉണ്ടാക്കിയത് ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ജനകീയസമിതി രൂപീകരിച്ച് ഇവയുടെ പ്രവർത്തനരീതി വിശദീകരിക്കുകയും പ്രവർത്തനച്ചുമതല, സമിതിയുടെ കൺവീനറെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്. കിഴപറയാർ പി. എച്ച്.സി.യിൽ സ്ഥാപിച്ചിരിക്കുന്ന ഇൻസിനറേറ്ററിന്റെ പ്രവർത്തനത്തിന്റെ മേൽനോട്ടം മെഡിക്കൽ ഓഫീസറെ ഏല്പിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ റിപ്പോർട്ട് വാങ്ങേണ്ടതുമാണ്. ഇൻസിനറേറ്ററുകളുടെ പ്രവർത്തനം ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

3-5 വിവിധ കെട്ടിടങ്ങളുടെ പുനരുദ്ധാരണപ്രവൃത്തികൾ - പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

പ്രോജക്ടുകൾ പ്രകാരം താഴെപ്പറയുന്ന അങ്കണവാടികൾ, പി.എച്ച്.സി. സബ്സെന്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയപ്പോൾ പൊളിച്ചുമാറ്റിയ സാധനങ്ങൾ ഉപയോഗയോഗ്യതയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കി അസി.എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

പ്രോജക്ടിന്റെ വിവരങ്ങൾ	മൂല്യനിർണ്ണയം നടത്തേണ്ടവ
പ്രോജക്ട് നം.180/18 പാലാക്കാട് നിർമ്മല അങ്കണവാടി പുനരുദ്ധാരണം	എസ്റ്റിമേറ്റ് ഇനം നം.2 പ്രകാരം പൊളിച്ചുനീക്കിയ വാതിലുകളും ജനാലകളും
നം.162/18 വലിയകൊട്ടാരം അങ്കണവാടി പുനരുദ്ധാരണം	എസ്റ്റിമേറ്റ് ഇനം നം.3 പ്രകാരം പൊളിച്ചുനീക്കിയ വാതിലുകളും ജനാലകളും ഷെൽഫുകളും
നം.60/18 പി.എച്ച്.സി.സബ്സെന്റർ നവീകരണം	എസ്റ്റിമേറ്റ് ഇനം നം.2,3 പ്രകാരം പൊളിച്ചുനീക്കിയ വാതിലുകളും ജനാലകളും മേൽക്കൂരയും

മേല്പറഞ്ഞ സാധനങ്ങൾ മൂല്യനിർണ്ണയം നടത്തി ലേലനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കൈമാറേണ്ടതാണ്.

3-6 ആധുനിക മത്സ്യമാർക്കറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ 2015-16 വർഷം പഞ്ചായത്തിന് നിർമ്മിച്ചു നൽകിയ പൈക ടൗണിലുള്ള ആധുനികമത്സ്യമാർക്കറ്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മത്സ്യമാർക്കറ്റിന്റെ നടത്തിപ്പു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി 14.7.16 ലെ 11-ാം നം തീരുമാനപ്രകാരം അംഗീകരിച്ച ബൈലോ 7.2.17ൽ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റിലെ ഹാളുകളുടെ വാടക 5.6.17ൽ അസി.എഞ്ചിനിയർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണ് പ്രവർത്തനം ആരംഭിക്കാത്തത് എന്നാണ് വിശദീകരണം നൽകിയത്. വാടകയിനത്തിൽ പഞ്ചായത്തിന് ഗണ്യമായ തുക വരുമാനം ലഭിക്കേണ്ടിയിരുന്ന മത്സ്യമാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 അങ്കണവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചെങ്കിലും ഉപയോഗയോഗ്യമാക്കിയില്ല

പ്രോജക്ട് നം 153 പ്രകാരം വികസനഫണ്ടിൽ നിന്ന് 7,05,891 രൂപ ചെലവഴിച്ച് 84-ാം നം അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിച്ച് 14.3.18ൽ ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. അങ്കണവാടിയ്ക്ക് വൈദ്യുതകണക്ഷൻ ലഭിച്ചിട്ടില്ല. അങ്കണവാടിയുടെ മുൻവശം ഗ്രില്ല് പിടിപ്പിച്ചിട്ടില്ല. ടോയ്ലറ്റിൽ പ്ലംബിംഗ് വർക്ക് നടത്തി വാട്ടർകണക്ഷൻ ലഭ്യമാക്കിയിട്ടില്ല. അങ്കണവാടിയ്ക്കു വേണ്ടി വാങ്ങിയ ബേബിചെയറുകളും കളിയുപകരണങ്ങളും

പൊടിപിടിച്ച നിലയിൽ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ അങ്കണവാടി പ്രവർത്തിക്കുന്നത് പഞ്ചായത്ത് ഓഫീസിനു സമീപമുള്ള കെട്ടിടത്തിൽ ആയുർവേദഡിസ്പെൻസറിയോടു ചേർന്നുള്ള ചെറിയ മുറിയിലാണ്. ഈ സ്ഥലം 25 കുട്ടികളുള്ള അങ്കണവാടി പ്രവർത്തിക്കുന്നതിന് തികച്ചും അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ പുതിയ കെട്ടിടം നിർമ്മിച്ച് ഒരു വർഷത്തോളമായിട്ടും ഉപയോഗയോഗ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ/ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

3-8 സൈറ്റ് വൃത്തിയാക്കുന്നതിന് തൊഴിലാളികളെ നിയോഗിച്ചത് - മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഒരിനമായി സൈറ്റ് വൃത്തിയാക്കൽ ഉൾപ്പെടുത്തി തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ടെങ്കിലും മസ്റ്റർറോൾ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	പ്രോജക്ട്	ചെലവ്	പ്രവൃത്തിയുടെ വിവരം/ നൽകിയ തുക
199/18	ആധുനിക അറവുശാല നവീകരണം	141901 (വികസനഫണ്ട്)	എസ്റ്റിമേറ്റിലെ ഇനം നം.1 Beldar for cleaning ന് 616.01 രൂപ നിരക്കിൽ 15 തൊഴിലാളികൾക്ക് 9240.15 രൂപ വേതനമായി നൽകി.
186/18	മുളങ്ങാശ്ശേരി കോളനി നടപ്പാത കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും	149323 (വികസനഫണ്ട്)	എസ്റ്റിമേറ്റിലെ ഇനം നം.1 – Engaging Beldar for cleaning and ramming the damaged concrete ന് 641.74 രൂപ നിരക്കിൽ 5 തൊഴിലാളികൾക്ക് വേതനം 3208.70 രൂപ നൽകിയിട്ടുണ്ട്.
60/18	കിഴപറയാർ പി എച്ച് സി സബ്സെന്റർ നവീകരണം	98109(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)	എസ്റ്റിമേറ്റിലെ ഇനം നം.1 Beldar for cleaning ന് 635.34 രൂപ നിരക്കിൽ 3തൊഴിലാളികൾക്ക് 1906 രൂപ നൽകി.

മരാമത്ത് വേലകളിൽ ഇതരപ്രവൃത്തികൾക്ക് തൊഴിലാളികളെ നിയോഗിക്കുമ്പോൾ മസ്റ്റർ റോൾ തയ്യാറാക്കി എഞ്ചിനീയർ/ഓവർസിയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3-9 ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തികൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ മിനിറ്റ്സ്ബുക്ക്, ബില്ലുകൾ, മസ്റ്റർറോൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ഉടമ്പടി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ വിവരങ്ങൾ	ചെലവഴിച്ച തുക	ബിൽ നം./ തീയതി
നം.160/18 പൈക ആയുർവേദ ഡിസ്പെൻസറി സബ്സെന്റർ മെയിന്റനൻസ് കൺവീനർ - ജൈബു സെബാസ്റ്റ്യന്	99999 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	20/21.7.17
നം.168/18	82456 - ടി -	21./21.7.17

പൈക മൃഗാശുപത്രി നവീകരണം കൺവീനർ - ബോണി ജൈബു		
നം.156/18 പി എച്ച് സി വട്ടക്കുന്നേൽ റോഡ് കോൺക്രീറ്റിംഗ് റീച്ച് കൺവീനർ - ചെറിയാൻ	145489 മെയിന്റനൻസ്ഗ്രാന്റ്(റോഡ്)	17/21.7.17
നം.136/18 ചരള വയ്യക്കര മുളഞ്ഞാനിക്കുന്ന് റോഡ് റീകോൺക്രീറ്റിംഗ് കൺവീനർ - കരുണാകരൻ നായർ	93243 -ടി -	14/30.6.17
നം.145/18 പി എച്ച് സി വട്ടക്കുന്നേൽ റോഡ് കോൺക്രീറ്റിംഗ് കൺവീനർ - ചെറിയാൻ	97467 മെയിന്റനൻസ്ഗ്രാന്റ്(റോഡ്)	16/30.6.17
നം.150/18 പഞ്ചായത്താഫീസിനു മുന്നിൽ നെയിം ബോർഡ് സ്ഥാപിക്കൽ കൺവീനർ - ഷേർളി ബേബി	23062 വികസനഫണ്ട്	99/28.3.18
ആകെ	541716	

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും മേൽ പരാമർശിച്ച പ്രവൃത്തികൾക്കായി ചെലവഴിച്ച 5,41,716/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/26.2.19ന് മറുപടിയായി രണ്ട് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കടയുടെ രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ഏതാനും ബില്ലുകളും സാക്ഷ്യപ്പെടുത്താത്ത മസ്റ്റർ റോളും ഹാജരാക്കി. രേഖകൾ ആധികാരികമല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല.

3-10 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് സർക്കുലർ നം. 1/1559/ 2010/സി.ഇ/തസ്വഭവ തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്
1	67/17	കോക്കാട്ടുപടി വാഴമറ്റംറോഡ് കോൺക്രീറ്റിംഗ്
2	126/18	കോക്കാട്ടുപടി വാഴമറ്റംറോഡ് റീകോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും
3	118/18	പാറപ്പള്ളി ബിഷപ്പ് വയലിൽ റോഡിന്റെ കലുങ്കിന്റെ കൈവരി നിർമ്മാണം
4	162/18	പാലാക്കാട് ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ്

1. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.സമിതിയുടെ തെരഞ്ഞെടുക്കലിനായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമനം.2 ആയി പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ മിനിറ്റ്സ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2. പണമിടപാടുകൾ കൺവീനറുടെയും ചെയർമാൻറെയും സംയുക്ത അക്കൗണ്ട് മുഖേന നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. കൺവീനറുടെ പേരിൽ മാത്രമാണ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്.

3. ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ, നിയോഗിച്ച തൊഴിലാളികളുടെ വേതനം, വിതരണ രേഖകൾ, മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്. സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃസമിതി വരവു ചെലവുകണക്കുകൾ തയ്യാറാക്കി പാസാക്കിയിട്ടില്ല.

5. ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-11 ആധുനിക അറവുശാല- ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിനാൽ ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ പൈകയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന മാർക്കറ്റിന്റെയും അറവുശാലയുടെയും പ്രവർത്തനം റവ.ഫാദർ സക്കറിയാസ് അട്ടപ്പാട്ട് മുതൽപേർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)9297/2006നമ്പർ കേസിലെ ഇടക്കാലവിധി പ്രകാരം നിർത്തിവയ്ക്കേണ്ടി വന്നു. ഇതേ തുടർന്ന് ആധുനിക അറവുശാല നിർമ്മിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് 2007-08, 2008-09വർഷങ്ങളിലായി ആകെ 9,23,107/-രൂപ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിക്ഷേപിച്ച് മാലിന്യസംസ്ക്കരണപ്ലാന്റ് സ്ഥാപിക്കുകയും 4,56,000/- രൂപ പി ഡബ്ല്യു ഡി (കെട്ടിടം)യിൽ നിക്ഷേപിച്ച് അറവുശാല നവീകരിക്കുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതി 17.06.16 ലെ WP(C) No. 9297 OF 2006(F) നമ്പർ കേസിന്റെ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധി പ്രകാരം അറവുശാല തുറന്ന് പ്രവർത്തിക്കുന്നതിനുള്ള തടസ്സം ഒഴിവായിട്ടുണ്ട്. എന്നാൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമല്ലാത്തതിനാലും, അറവുശാല കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാലും നിലവിലും അറവുശാല പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. 2017-18 ൽ വികസനഫണ്ടിൽ നിന്നും 109056 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 32845 രൂപയും ഉൾപ്പടെ ആകെ 141901രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹിച്ച പ്രവൃത്തി അറവുശാലയും മാർക്കറ്റും തുറന്ന് പ്രവർത്തിക്കുന്നതിന് ഉതകുന്ന പ്രധാന പ്രവൃത്തികളൊന്നുമല്ല ചെയ്തിട്ടുള്ളത്. പെയിന്റിംഗ്, ക്ലീനിംഗ് മുതലായ അവസാനഘട്ടത്തിൽ ചെയ്യേണ്ട പ്രവൃത്തികളാണ് 2017-18 ലും നിർവ്വഹിച്ചിട്ടുള്ളത്. 17.06.16 ലെ ബഹു . കേരള ഹൈക്കോടതിയുടെ വിധി പ്രകാരം ആധുനിക മാർക്കറ്റ് തുടങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സ്ഥലം, പണം എന്നിവയ്ക്ക് ബുദ്ധിമുട്ടുള്ള പക്ഷം സർക്കാരിനെ സമീപിക്കേണ്ടതാണ് എന്നും സർക്കാർ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിരുന്നു എങ്കിലും നാളിതുവരെ ഇതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/18/19.02.19ന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ ശുചിത്വ മിഷൻ നടത്തിയ പരിശോധനയിൽ ഒരു ആധുനിക അറവുശാലയ്ക്കുവേണ്ട ലെയ്റേജ് സംവിധാനം, റെയിൽ സംവിധാനം എന്നിവ നിലവിലുള്ള അറവുശാല കെട്ടിടത്തിൽ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതിയും, ഉയരപരിമിതിയും കാരണം സാധിക്കുകയില്ലെന്നും ടി സാഹചര്യത്തിൽ നിലവിലുള്ള അറവുശാല കെട്ടിടം പുനർ നിർമ്മാണം നടത്താതെ ആധുനിക അറവുശാലയാക്കി മാറ്റുന്നതിന് സാധിക്കുകയില്ലയെന്നും സി.2005/2018/ DSM/KTM/ 25.09.18 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് ദീർഘവീക്ഷണമില്ലാതെ ആവിഷ്കരിച്ച് നടപ്പാക്കിയതിനാൽ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടതായ ലക്ഷങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചതും പൊതുജന ഉപകാരപ്രദവുമായ മാർക്കറ്റും അറവുശാലകെട്ടിടവും ഇപ്പോൾ നിഷ്ക്രിയമായിരിക്കുന്നു എന്നുമാത്രമല്ല സാമൂഹ്യവിരുദ്ധരുടെ കേന്ദ്രവുമായി മാറിയിരിക്കുന്നു.

ആധുനിക അറവുശാല കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ

3-12 പി. എച്ച്. സി. നവീകരണം ഫയലും എം ബുക്കും പരിശോധനക്ക് ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 189/19 കിഴപറയാർ പി. എച്ച്. സി. നവീകരണം എന്ന പ്രോജക്ടിന് 2,49,990/- രൂപ (bill No – 16/17-18/ 26.03.18 Non Road) ചെലവഴിച്ച് നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയലും എം ബുക്കും പരിശോധനക്ക് ഹാജരാക്കിയില്ല. പി.എച്ച്.സിയിൽ നേരിൽ പരിശോധന നടത്തിയതിൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് കൂടി ഉപയോഗിച്ച് കൂടുതൽ ഇനങ്ങൾ ചെയ്തിട്ടുള്ളതിനാൽ പദ്ധതി പണം ഉപയോഗിച്ച് നടത്തിയ ജോലികൾ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. നിർമ്മിതി കേന്ദ്രത്തിൽ നിന്നും ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2,49,990/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-13 ജലനിധി പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല

മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ 2013-14 കാലഘട്ടത്തിൽ ആരംഭിച്ച ജലനിധി പ്രോജക്ടിൽ 25 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പൂർത്തീകരണ കാലാവധി 2 വർഷമായിരുന്നു. 12 കുടിവെള്ള വിതരണ പ്രോജക്റ്റുകളാണ് നാളിതുവരെ പൂർത്തീകരിച്ചിരിക്കുന്നത്. 2017-18 വർഷം വരെ ഗ്രാമപഞ്ചായത്ത്, സർക്കാർ വിഹിതമിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം ലഭിച്ചത്	ചെലവഴിച്ചത്	ബാലൻസ്
ഗ്രാമപഞ്ചായത്ത് വിഹിതം		
7996947	7818681	178266
സർക്കാർ വിഹിതം		
47329284	47291775	37509

അവശേഷിക്കുന്ന 13 പ്രോജക്ടുകൾ കൂടി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3-14 കമ്മ്യൂണിറ്റി സ്കിൽ പാർക്കിനായി അസാപ്പിന് സ്ഥലവും കെട്ടിടവും വിട്ടുനൽകി - പ്രോജക്ട് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിച്ചിരുന്നതും ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനവുമായിരുന്ന ഗവ.എൽ. പി. സ്കൂൾ കുട്ടികൾ കുറവായ കാരണത്താൽ നിർത്തലാക്കുകയും സ്കൂൾ കെട്ടിടം സ്ക്കൗട്ട് & ഗൈഡ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി നൽകുകയും ചെയ്തിരുന്നു. 2006 വർഷം വരെ സ്ക്കൗട്ട് & ഗൈഡ് ഓഫീസ് പ്രവർത്തിച്ചിരുന്ന സ്കൂൾ കെട്ടിടവും ചുറ്റുമുള്ള ഒരേക്കർ സ്ഥലവും കാടുപിടിച്ച് ജീർണ്ണിച്ച അവസ്ഥയിലാണ്.

കമ്മ്യൂണിറ്റി സ്കിൽ പാർക്കിനായി വിട്ടുനൽകിയ സ്ഥലവും കെട്ടിടവും

പ്രസ്തുത സ്ഥലം അസാപ്പിന് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തുടങ്ങുന്നതിനായി കൈമാറി. വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുകയാണ് പാർക്കിന്റെ ലക്ഷ്യം. എല്ലാ തൊഴിൽ മേഖലകളേയും സംബന്ധിച്ച് പരിശീലനം നൽകാനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇരുന്നൂറിലേറെ കോഴ്സുകൾ സ്കിൽ പാർക്കിൽ പഠിപ്പിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. വിദ്യാർത്ഥികൾക്ക് പഠനത്തിന് ശേഷം തൊഴിൽ പരിശീലനത്തിനായി സായാഹ്ന കോഴ്സുകളും നടത്താൻ സൗകര്യം ഒരുക്കാൻ പദ്ധതി വിഭാവനം ചെയ്തിരുന്നു. രണ്ട് വർഷം മുൻപ് നിർമ്മാണം ആരംഭിക്കുന്നതിനായി സ്ഥലത്ത് നിന്നിരുന്ന മരങ്ങൾ വെട്ടി മാറ്റിയിരുന്നു. എന്നാൽ മരങ്ങൾ വെട്ടിയത് അസാപ്പ് ആണോ, വിദ്യാഭ്യാസ വകുപ്പാണോ എന്ന് അറിയുവാൻ കഴിയുന്നില്ല. സ്കിൽ പാർക്ക് നിർമ്മാണം ടെൻഡർ നടപടികളോളം എത്തി എങ്കിലും പിന്നീട് നടപടികൾ നിലച്ചമട്ടാണ്. ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനം നിർത്തലാക്കുകയും പകരം തുടങ്ങുവാൻ ഉദ്ദേശിച്ച പ്രോജക്ട് നടപ്പിലായില്ല. സ്കിൽ പാർക്ക് തുടങ്ങാനായാൽ അത് ഗ്രാമ പഞ്ചായത്തിന് മുതൽകൂട്ടാകുന്നതാണ്. ആയതിനാൽ സ്കിൽ പാർക്ക് തുടങ്ങാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തുന്നതിന് ഭരണസമിതി ശ്രമിക്കേണ്ടതാണ്. സ്കിൽ പാർക്ക് തുടങ്ങാൻ സാധിക്കാത്ത പക്ഷം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിന് സർക്കാർ തലത്തിൽ ശ്രമിക്കാവുന്നതാണ്.

3-15 വനിത ഉല്പന്നവിപണനകേന്ദ്രം - യഥാർത്ഥ ലക്ഷ്യത്തിന് ഉപയോഗിക്കേണ്ടതാണ്

പ്രോജക്ട് നം. 200/18

അടങ്കൽ - 12,00,000/-

ചെലവ് - 9,03,446/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ വനിതാഘടകപദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച വനിത ഉല്പന്നവിപണനകേന്ദ്രം പുതിയതായി നിർമ്മാണത്തിലിരിക്കുന്ന പഞ്ചായത്താഫീസ് കെട്ടിടത്തിന്റെ മുകൾനിലയിലാണ്. വനിതകൾക്ക് സ്വയംതൊഴിലിനും വരുമാനവർദ്ധനവിനും തദ്വാരാ അവരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും ഉതകുന്ന പ്രോജക്ടുകളാണ് വനിതഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടത്. നിലവിൽ പണിതിട്ടുള്ള കെട്ടിടം വനിത ഉല്പന്നവിപണനകേന്ദ്രം എന്ന് നാമകരണം ചെയ്യേണ്ടതും യഥാർത്ഥലക്ഷ്യത്തിന് ഉപയോഗിക്കേണ്ടതുമാണ്.

<u>ഭാഗം -4</u>

<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി, ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളിൽ നിന്നും 542626 രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.)	ലഭിച്ച തുക	തുക ലഭിച്ച തീയതി	ചെലവ്	ബാലൻസ്
ളാലം ബ്ലോക്ക് പഞ്ചായത്ത്	പാലിയേറ്റീവ് പരിചരണ പദ്ധതി (13/18)	200000	28.07.17	200000	ഇല്ല
	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) – 21/17-18	175000	29.07.17 12.03.18	175000	ഇല്ല
	സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ -35/18	86376	12.01.18	86376	ഇല്ല
കോട്ടയം ജില്ലാ പഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 198/18	81250	28.02.18	81250	ഇല്ല
കോട്ടയം ജില്ലാ പഞ്ചായത്ത്	പാലാക്കാട് ഹോമിയോ ഡിസ്പെൻസറി കെട്ടിടം	326439	20.01.18	259090	67349

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി, നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	നിക്ഷേപിച്ച തുക	നിക്ഷേപിച്ച തീയതി (ബിൽ നം. / തീയതി)	ചെലവ്	ബാലൻസ്
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (187/18)	1642649	15/17-18 , 16/17-18 (11.01.18)	ഇല്ല	1642649
	07/18 സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ	575368	24/17-18 (28.02.18)	ഇല്ല	575368
	ആകെ	2218017		ഇല്ല	2218017

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	ബാങ്ക്/ ലോൺ അക്കൗണ്ട് നം.	വായ്പ എടുത്ത തുക	01.04.2017-ൽ തിരിച്ചടയ്ക്കാൻ തുക	2016-17തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഇ.എം.എസ്. ഭവന പദ്ധതി	ജി.ഒ.എം.എസ്. 1317/2010/ എൽ.എസ്.ജി.ഡി. തീയതി – 16.04.2010	എസ്.സി.ബി,മീനച്ചിൽ A/C No.1/10.05.2010	2,421,250/-	0	*	-	0
		എസ്.സി.ബി.,പൂവരണി A/C No.1/14.05.2010	27,63,000/-	4,43,686	-	-	4,43,686
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ.എം.എസ്83/2013/ എൽ.എസ്.ജി.ഡി. തീയതി – 11.03.2013	എസ്.സി.ബി.പൂവരണി A/C No.1/10.03.2016	46,00,000/-	28,20,000	5,20,000	3,00,000	35,60,000

	വരവ്			12,60,000			
	ആകെ			40,80,000			

*ഇ.എം.എസ്. ഭവന പദ്ധതി ലോൺ മുതൽ തുക 2016-17 വർഷത്തിൽ തിരിച്ചടച്ചെങ്കിലും 2014-15 മുതൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്തതിനാൽ പലിശ തുക അടവാക്കിയിട്ടില്ല. ആയതിനാൽ മുതൽ തുക മുഴുവൻ അടവാക്കിയെങ്കിലും ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

4-5 സ്ഥിരനിക്ഷേപം

31.03.2018 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)	67199469.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	60223750
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	31,09,249

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	22,18,017	ശ്രീ.രാധാകൃഷ്ണൻ നായർ കെ.ആർ., സെക്രട്ടറി
3-3	99,526	ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ
3-9	5,41,716	ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ
3-12	2,49,990	ഡോ.വിനിയ ജോർജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ആകെ	31,09,249	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്ക്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-02 പ്ലാൻ	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	10	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(4)/18/06.03.18	1	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(5)/18/06.03.18	2	
2004-05	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(6)/18/06.03.18	1	
2006-0 7	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(7)/18/06.03.18	7	
2007-08	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(8)/18/06.03.18	6	
2008-09	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(9)/18/06.03.18	12	
2009-10	നം.കെ.എസ്.എ-കെ.ടി.എം.പി.7/285/16/10.5.16		
2010-11, 2011-12	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(10)/18/06.03.18	5	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/15/20.09.15	13	
2013-14,2014-15	നം.കെ.എസ്.എ-കെ.ടി.എം.പി.7 /1283/16/30-5-17	18	
2015-16	നം.കെ.എസ്.എ-കെ.ടി.എം.പി.7 /1863/17/19-1-18	15	
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി7-375/2018/08.03.2018/ 17.03.2018	15	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.7/210/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 29.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം